(എ) എം.ജി.യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന ബി.ഫാം കോഴ്സ് എന്നാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഏതെങ്കിലും ബാച്ചിന്റെ കോഴ്സ് പൂർത്തിയായോ;

(സി) ഈ കോഴ്സിന് ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെയും ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യയുടെയും മുൻകൂട്ടിയുള്ള അനുമതി ആവശ്യമായിരുന്നുവോ;

(ഡി) ഈ കൗൺസിലുകളുടെ അനുമതി ഈ കോഴ്സുകൾക്ക് നേടാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ കോഴ്സ് പാസ്സായി വരുന്നവർക്ക് തൊഴിൽ സാദ്ധ്യതയ്ക്ക് എന്തെങ്കിലും ന്യൂനതയുണ്ടാകുമോ; എങ്കിൽ അത് വിശദീകരിക്കുമോ?

ഉത്തരം

(എ) - (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

81 (1297) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കൽ അദ്ധ്യാപകരുടെ അഭാവവും, ലാബറട്ടറിയുടെയും, ലൈബ്രറിയുടെയും, അപര്യാപ്തതയും വിദ്യാർത്ഥികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്ന പ്രശ്നങ്ങളാണ് എന്ന് കാണിച്ച് വിദ്യാർത്ഥി സംഘടനകൾ സംയുക്തമായി അയച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനും, ലാബിന്റെയും ലൈബ്രറി മുതലായവയുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

82 (1299) ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ ട്രാൻസ്ഫർ

ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ ട്രാൻസ്ഫർ നോംസ് അനുസരിച്ച് ഹോം സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിനുള്ള ദൂരപരിധി എത്ര എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly